"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - റിസംപ്ഷൻ 2022 - കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ എസ് ടി എസ് ബി അക്കൗണ്ടിൽ നിന്നും 21.03.2022 ന് റെസ്യൂം ചെയ്ത തുക തിരികെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ ( സ്ട്രീംലൈനിംഗ് ) വകുപ്പ്**

**സ. ഉ.(സാധാ) നം. 6669/2023/ധന** **തീയതി, തിരുവനന്തപുരം, 19.09.2023**

---

പരാമർശം :- 1. 24.03.2022 ലെ സ.ഉ (പി) നം. 35/2022/ധന.
2. 05.04.2022 ലെ നം. 30/2022/ധന സർക്കുലർ.
3. കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 10.07.2023 ലെ എ 5-119/2022-23 നം. കത്ത്.
4. 17.08.2023 ലെ സ.ഉ. (സാധാ) നം. 6078/2023/ധന.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ എസ് ടി എസ് ബി അക്കൗണ്ട് നമ്പർ 703011400000001-ൽ നിന്നും 21.03.2022 ന് 2,14,300/- രൂപ സർക്കാർ റസ്യൂം ചെയ്തിരുന്നു. ടി തുക തിരികെ അനുവദിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ എസ് ടി എസ് ബി അക്കൗണ്ട് നം. 703011400000001-ൽ നിന്നും 21.03.2022 ന് റെസ്യൂം ചെയ്ത 2,14,300/- രൂപ [രണ്ട് ലക്ഷത്തി പതിന്നാലായിരത്തി മുന്നൂറ് രൂപ] '2075-00-800-72-02 പ്ലാൻ വോട്ടഡ്' ശീർഷകത്തിൽ നിന്നും അതേ എസ് ടി എസ് ബി അക്കൗണ്ട് നം. 703011400000001-ലേയ്ക്ക് തിരികെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ആവശ്യത്തിനായി പരാമർശം (4) പ്രകാരം മേൽ ശീർഷകത്തിൽ അധിക ധനാനുമതിയായി തുക വകയിരുത്തിയിട്ടുണ്ട്.

3. '2075-00-800-72-02 പ്ലാൻ വോട്ടഡ്' ശീർഷകത്തിൽ നിന്നും കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ ട്രഷറിയിലെ എസ് ടി എസ് ബി അക്കൗണ്ട് നം. 703011400000001 ലേക്ക് മേൽ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.,**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.

2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം, ജയം ബിൽഡിങ്ങ്, കൊച്ചുപിലാംമൂട്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം.

5. ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ്

6. നോഡൽ ഓഫീസർ, **www.finance.kerala.gov.in**

7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ 2466773)

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ